Page 1 of 1

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ലോട്ടറികളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി ഐ&പി.ആർ.ഡി, സി-ഡിറ്റ്, കെ.എസ്.എഫ്.ഡി.സി. എന്നിവ മുഖേന പരസ്യചിത്രങ്ങൾ നിർമ്മിച്ച് പ്രമുഖ ടി.വി. ചാനലുകളിലും QUBE/UFO എന്നീ പരസ്യ കമ്പനികൾ വഴി ഡിജിറ്റൽ സിനിമ നിർമ്മിച്ച് സിനിമാ തീയറ്ററുകളിലും പ്രദർശിപ്പിച്ചുവരുന്നു. കൂടാതെ എഫ്.എം. ചാനലുകൾ പ്രമുഖ ദിനപ്പത്രങ്ങൾ എന്നിവ വഴിയും ഭാഗ്യക്കുറികളുടെ പരസ്യപ്രചാരണം നടത്തുന്നുണ്ട്. കൂടാതെ ലോട്ടറി വില്പന വർദ്ധിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന 14 ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ, മൂന്ന് താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ എന്നിവയ്ക്ക് പുറമെ 18 ഭാഗ്യക്കുറി സബ് ഓഫീസുകൾ കൂടി ആരംഭിച്ചിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങൾ വഴി സിമന്റ് വില്പന

19 (*648) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ വഴി സിമന്റ് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സിമന്റ് വില കുതിച്ചുയരുന്ന സാഹചര്യത്തിൽ സിമന്റ് വിപണിയിൽ സഹകരണ സ്ഥാപനങ്ങൾ ഇടപെടുന്നതു വഴി സിമന്റിന് എത്ര മാത്രം വില കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന സിമന്റിന് വിപണി വിലയേക്കാൾ എത്രമാത്രം കുറഞ്ഞ വിലയ്ക്കാണ് വിൽക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ-സി) ഭാവിയിൽ പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly